# 11

# അപൂർണ്ണ രേഖകളിൽ നിന്ന് കണക്കുകൾ തയാറാക്കൽ (Accounts from Incomplete records)

M4V4G2

കഴിഞ്ഞ പാഠഭാഗങ്ങളിൽ ഇരട്ടപ്പതിക്കൽ രീതിയിൽ അക്കൗണ്ടുകൾ തയാറാക്കി സൂക്ഷിക്കുന്നതിനെക്കുറിച്ച് നമ്മൾ മനസ്സിലാക്കിയല്ലോ? എല്ലാ സ്ഥാപനങ്ങളും ഇപ്രകാരം ശാസ്ത്രീയമായി കണക്കുകൾ സൂക്ഷിക്കണമെന്നില്ല. ചില ചെറുകിട സ്ഥാപനങ്ങൾ സൂക്ഷിക്കുന്ന അക്കൗണ്ടിംഗ് രേഖകൾ അപൂർണ്ണമായിരിക്കും. എന്നിരുന്നാലും, വർഷാന്ത്യത്തിൽ അവരുടെ ലാഭ നഷ്ടം കണ്ടുപടിക്കുകയും സാമ്പത്തികസ്ഥിതി നിർണയിക്കുകയും ചെയ്യേണ്ടതുണ്ട്. പൂർണ്ണമായോ ഭാഗികമായോ, ഇരട്ടപ്പതിക്കൽ രീതി പിൻതുടരാതെ കണക്കുകൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങളുടെ ലാഭ നഷ്ടവും, സാമ്പത്തികസ്ഥിതിയും എങ്ങനെ കണക്കാക്കാം എന്നാണ് ഈ പാഠഭാഗത്തിൽ നമ്മൾ ചർച്ച ചെയ്യുന്നത്.

**പഠന നേട്ടങ്ങൾ (Learning outcomes)**

- അപൂർണ്ണ അക്കൗണ്ടിംഗ് രേഖകളുടെ അർത്ഥവും സവിശേഷതകളും പ്രസ്താവിക്കുന്നു.
- ആസ്തി ബാധ്യതാ പട്ടികാരീതിയിൽ ലാഭ നഷ്ടങ്ങൾ കണക്കാക്കുന്നു.
- ആസ്തി ബാധ്യതാ പട്ടികയും ബാലൻസ് ഷീറ്റും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.
- അപൂർണ്ണ രേഖകളിൽനിന്ന് വ്യാപാര ലാഭ നഷ്ടക്കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ തയാറാക്കുന്നു.
- ബന്ധപെട്ട അക്കൗണ്ടുകൾ തയാറാക്കി വിട്ടുപോയിട്ടുള്ള സംഖ്യകളോ വിവരങ്ങളോ കണ്ടെത്തുന്നു.

## 11.1 അപൂർണ്ണ രേഖകൾ (Incomplete Records)

പൂർണ്ണമായും ഇരട്ടപ്പതിക്കൽ രീതി പിൻതുടരാത്ത അക്കൗണ്ടിംഗ് രേഖകളാണ് അപൂർണ്ണരേഖകൾ. പല എഴുത്തുകാരും ഇതിനെ 'ഒറ്റപ്പതിക്കൽ രീതി' (single entry system) എന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ, ഇത് ഉചിതമായ ഒരു പദപ്രയോഗമല്ല. കാരണം അക്കൗണ്ടിംഗ് രേഖകൾ തയാറാക്കുന്നതിന് 'ഒറ്റപ്പതിക്കൽ രീതി' എന്നൊരു അക്കൗണ്ടിംഗ് സമ്പ്രദായം നിലവിലില്ല. ഇത് ഇരട്ടപ്പതിക്കൽ സമ്പ്രദായത്തിന്റെ കുറുക്കുവഴിയോ, പകരമായി ഉപയോഗിക്കാവുന്ന ഒരു സമ്പ്രദായമോ അല്ല. ചില ഇടപാടുകൾ പൂർണ്ണമായും രേഖപ്പെടുത്തുകയും മറ്റു ചിലത് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇതൊരു അക്കൗണ്ടിംഗ് സമ്പ്രദായമല്ലെന്ന് പറയാനുള്ള മുഖ്യ കാരണം. പണപരമായ ഇടപാടുകളും, പണം തരാനുള്ളവരു

ടേയും (debtors) പണം കൊടുക്കാനുള്ളവരുടേയും (creditors) വ്യക്തിഗത കണക്കുകളുമാണ് ഇത്തരം സ്ഥാപനങ്ങൾ സാധാരണയായി പൂർണമായി സൂക്ഷിക്കാറുള്ളത്. എന്നാൽ ആസ്തികൾ, ബാധ്യതകൾ, ചെലവുകൾ, വരവുകൾ തുടങ്ങിയ വിവരങ്ങൾ ഭാഗികമായിട്ടാവും രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാലാണ് ഈ രീതി അപൂർണരേഖകൾ എന്നറിയപ്പെടുന്നത്.

### 11.1.1 അപൂർണ്ണ രേഖകളുടെ സവിശേഷതകൾ *(Features of Incomplete Records)*

പലചരക്കു വ്യാപാരികൾ, ചില്ലറ കച്ചവടക്കാർ മുതലായ ചില ചെറുകിട സ്ഥാപനങ്ങൾ ഭാഗികമായി മാത്രമെ അക്കൗണ്ടിംഗ് രേഖകൾ സൂക്ഷിക്കാറുള്ളു. ഇത്തരത്തിൽ, പൂർണമായ അക്കൗണ്ടിംഗ് രേഖകളില്ലാത്ത സ്ഥാപനങ്ങളിൽ അക്കൗണ്ടുകൾ തയാറാക്കാൻ ഉപയോഗിക്കുന്ന അശാസ്ത്രീയ രീതിയാണ് 'ഒറ്റപ്പതിക്കൽ സമ്പ്രദായം' (Single entry system). ഈ സമ്പ്രദായത്തിന്റെ സവിശേഷതകൾ താഴെ സൂചിപ്പിക്കുന്നു.

(എ) ഇത് ഒരു ശാസ്ത്രീയ കണക്കെഴുത്ത് സമ്പ്രദായമല്ല.

(ബി) സാധാരണയായി പണമിടപാടുകളും വ്യക്തിഗത അക്കൗണ്ടുകളുമാണ് പൂർണമായി സൂക്ഷിക്കാറുള്ളത്. ആസ്തി, ബാധ്യത, ചെലവ്, വരവ് എന്നിവയുടെ വിവരങ്ങൾ പലപ്പോഴും അപൂർണമായിരിക്കും.

(സി) ഉടമയുടെ വ്യക്തിപരമായ ഇടപാടുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്താറുണ്ട്.

(ഡി) ഓരോ സ്ഥാപനവും അവരുടെ സൗകര്യത്തിനും ആവശ്യത്തിനനുസരിച്ച് ഇടപാടുകൾ രേഖപ്പെടുത്തുന്നതിനാൽ കണക്കുകൾക്ക് സമാനത ഉണ്ടാകാറില്ല. അതിനാൽ, താരതമ്യം ചെയ്യാൻ ബുദ്ധിമുട്ടാണ്.

(ഇ) ലാഭ നഷ്ടം കണ്ടുപിടിക്കാനും മറ്റ് വിവരങ്ങൾ അറിയാനും ആവശ്യമായ തുകകൾ യഥാർഥവൗച്ചറുകളിൽ നിന്ന് മാത്രമേ ശേഖരിക്കാൻ കഴിയൂ. അതിനാൽ പർച്ചേയ്സ് ഇൻവോയിസ്, സെയിൽസ് ഇൻവോയിസ് മുതലായ വൗച്ചറുകളെ പൂർണമായും ആശ്രയിക്കേണ്ടി വരും.

(എഫ്) സമ്പാദിക്കപ്പെടുന്ന ലാഭത്തെ അല്ലെങ്കിൽ നഷ്ടത്തെ അനുമാനിക്കുന്നതിനാൽ വാർഷിക ലാഭനഷ്ടങ്ങൾ പൂർണ കൃത്യതയോടെ കണ്ടുപിടിക്കാൻ സാധിക്കില്ല. ഈ രീതിയിൽ തയാറാക്കുന്ന ബാലൻസ് ഷീറ്റും ആസ്തി ബാധ്യതകളുടെ യഥാർഥ സ്ഥിതി കാണിക്കുന്നവയായിരിക്കില്ല.

## 11.2 അപൂർണമായ കണക്കുകൾ തയാറാക്കുന്നതിന്റെ കാരണങ്ങളും അതിന്റെ പരിമിതികളും (Reasons of Incompleteness and its Limitations)

പല വ്യാപാരികളും അപൂർണമായ കണക്കുകൾ തയാറാക്കുന്നതിന്റെ കാരണങ്ങൾ താഴെപ്പറയുന്നു.

(എ) അക്കൗണ്ടിംഗ് തത്ത്വങ്ങളെ കുറിച്ച് അറിവ് ഇല്ലാത്ത ഏതൊരാൾക്കും ഈ രീതി അവലംബിക്കാവുന്നതാണ്.

(ബി) വൈദഗ്ധ്യമുള്ള അക്കൗണ്ടന്റിനെ നിയമിക്കേണ്ടതില്ലാത്തതിനാൽ കണക്കുകൾ തയാറാക്കി സൂക്ഷിക്കുന്നതിനുള്ള ചെലവ് കുറവാണ്.

(സി) വളരെക്കുറച്ച് അക്കൗണ്ടിംഗ് രേഖകൾ മാത്രം സൂക്ഷിക്കുന്നതിനാൽ സമയലാഭം ഉണ്ട്.

(ഡി) ഉടമസ്ഥർ തങ്ങൾക്ക് ആവശ്യമായ പ്രധാനപ്പെട്ട ഇടപാടുകൾ മാത്രം രേഖപ്പെടുത്തുന്നതിനാൽ ഈ രീതി വളരെ സൗകര്യപ്രദമാണ്.

എന്നിരുന്നാലും, ഈ രീതിക്ക് പല പരിമിതികളുമുണ്ട് . ശാസ്ത്രീയവും സാമ്പ്രദായികവുമായ ഒരു സമീപനം ഇല്ലാത്തതിനാൽ പൂർണവും വിശ്വസനീയവുമായ ധനകാര്യ രേഖകൾ തയാറാക്കാൻ കഴിയില്ല.

അപൂർണ രേഖപ്പെടുത്തൽ അഥവാ 'ഒറ്റപ്പതിക്കൽ' സമ്പ്രദായത്തിന്റെ പോരായ്മകൾ താഴെ സൂചിപ്പിക്കുന്നു:

(എ) ഇരട്ടപ്പതിക്കൽ സമ്പ്രദായം പിന്തുടരാത്തതിനാൽ ശിഷ്ടപത്രം (Trial Balance) തയാറാക്കാൻ സാധിക്കില്ല. തന്മൂലം കണക്കുകളുടെ ഗണിതപരമായ കൃത്യത ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

(ബി) വ്യാപാര പ്രവർത്തനങ്ങളുടെ സാമ്പത്തികഫലം കണ്ടുപിടിക്കാനും വിശകലനം ചെയ്യാനും ബുദ്ധിമുട്ടാണ് .

(സി) ലാഭക്ഷമത (profitabiltiy), എളുപ്പം പണമായി മാറ്റാനുള്ള കഴിവ് (ദ്രവണത - liquidtiy), കടം വീട്ടാനുള്ള കഴിവ് (ലേയത്വം - solvency) എന്നിവ വിശകലനം ചെയ്യാൻ സാധ്യമല്ല. ആയതിനാൽ പുറമേ നിന്ന് ധനസമാഹരണം നടത്താനും ബിസിനസ്സിന്റെ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ബുദ്ധിമുട്ടായിരിക്കും.

(ഡി) തീപിടുത്തം, മോഷണം മുതലായവ മൂലമുണ്ടാകുന്ന ചരക്ക്, ആസ്തി എന്നിവയ്ക്കുള്ള നഷ്ടങ്ങൾക്കുള്ള ഇൻഷ്വറൻസ് തുക ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് നേടിയെടുക്കാൻ ബുദ്ധിമുട്ടാണ്.

(ഇ) കണക്കാക്കിയ വരുമാനത്തിന്റെ വിശ്വാസ്യത സംബന്ധിച്ച് ആദായനികുതി അധികാരികളെ ബോധ്യപ്പെടുത്താൻ ബുദ്ധിമുട്ടാണ്.

## 11.3 ലാഭം നഷ്ടം കണക്കാക്കൽ (Ascertainment of Profit or Loss)

എല്ലാ ബിസിനസ് സ്ഥാപനങ്ങളും അവരുടെ കാര്യക്ഷമതയും വിജയപരാജയങ്ങളും വിലയിരുത്തുന്നതിനായി പ്രവർത്തനഫലം കണ്ടുപിടിക്കാറുണ്ട്. വാർഷിക സാമ്പത്തിക കണക്കുകൾ തയാറാക്കുന്നതിലൂടെ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ സഫലീകരിക്കാൻ അവർക്ക് കഴിയും.

(എ) അക്കൗണ്ടിംഗ് കാലയളവിലെ ലാഭം/നഷ്ടം കണക്കാക്കാൻ.

(ബി) വർഷാന്ത്യത്തിലെ ആസ്തിയും ബാധ്യതയും എത്രയെന്നു കണ്ടെത്താൻ.

കൈവശമുള്ള അപൂർണ്ണ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക രേഖകൾ തയാറാക്കുക എന്നത് പ്രയാസമുള്ളതും വെല്ലുവിളി നിറഞ്ഞതുമായ ഒരു പ്രക്രിയയാണ്. എന്നാൽ, താഴെപ്പറയുന്ന രണ്ട് രീതികളിൽ അവ നമുക്ക് തയാറാക്കാം.

1. **ആസ്തി ബാധ്യതാപ്പട്ടിക രീതി (Statement of Affairs Method)**

   വർഷാരംഭത്തിലെയും വർഷാന്ത്യത്തിലെയും ആസ്തിബാധ്യതാപ്പട്ടികകൾ തയാറാക്കി, അതിലൂടെ ലാഭ നഷ്ടങ്ങൾ നിർണയിക്കാവുന്നതാണ്. ഈ രീതിയെ അറ്റആസ്തി രീതി (Net worth Method) അഥവാ മൂലധന താരതമ്യ രീതി (Capital Comparison Method) എന്നും പറയാറുണ്ട്.

2. **പരിവർത്തന രീതി (Conversion Method)**

   ലഭ്യമല്ലാത്ത വിവരങ്ങൾ ശേഖരിച്ച് അക്കൗണ്ടിംഗ് രേഖകൾ കൃത്യമായ ക്രമത്തിലാക്കി, അതിൻ പ്രകാരം വ്യാപാര, ലാഭ നഷ്ടക്കണക്കും ബാക്കിപത്രവും തയാറാക്കാവുന്നതാണ്.

### *11.3.1* ആസ്തി ബാധ്യതാപട്ടിക തയാറാക്കൽ *(Preparing Statement of Affairs)*

മൂലധനത്തിലുണ്ടായ മാറ്റം കണ്ടെത്താനായി വർഷാരംഭത്തിലെയും വർഷാന്ത്യത്തിലെയും ആസ്തികളും ബാധ്യതകളും ഉൾപ്പെടുത്തി പ്രത്യേക പട്ടിക തയാറാക്കുന്നു. ഈ പട്ടികയെ ആസ്തി ബാധ്യതാ പട്ടിക (Statement of Affairs) എന്നു വിളിക്കാം. ബാക്കിപത്രത്തിന് സമാനമായി ഇതിൽ ഒരു വശത്ത് ബാധ്യതയും മറു വശത്ത് ആസ്തികളും കാണിക്കുന്നു. ഈ രണ്ടു വശത്തെയും ആകെ തുകകളുടെ വ്യത്യാസം മൂലധനം ആണ് എന്ന് അനുമാനിക്കാം. (ചിത്രം 11.1 കാണുക). ബാക്കിപത്രവുമായി സാമ്യമുണ്ടെങ്കിലും ഇതിനെ ബാക്കിപത്രമെന്ന് വിളിക്കാൻ കഴിയില്ല. കാരണം, ലെഡ്ജറുകളുടെ സഹായത്തോടെയല്ല ഇത് തയാറാക്കുന്നത്. മറിച്ച്, കൈവശമുള്ള പ്രമാണങ്ങളുടെയും മതിപ്പു മൂല്യത്തിന്റെയും അടിസ്ഥാനത്തിലാണ് സ്ഥിരാസ്തികൾ, കൊടുക്കാനുള്ള ചെലവുകൾ, ബാങ്ക് ബാലൻസുകൾ മുതലായവ കണക്കാക്കുന്നത്.

**.................. തീയതിയിലെ ആസ്തി-ബാധ്യതാ പട്ടിക**

| *ബാധ്യതകൾ* | *തുക* (₹) | *ആസ്തികൾ* | *തുക* (₹) |
|---|---|---|---|
| ബിൽസ് പേയബിൾ | ..... | ലാന്റ് & ബിൽഡിംഗ്സ് | ..... |
| ക്രെഡിറ്റേഴ്സ് | ..... | മെഷിനറി | ..... |
| ഔട്ട്സ്റ്റാന്റിംങ് എക്സ്പെൻസസ് | ..... | ഫർണിച്ചർ | ..... |
| ക്യാപിറ്റൽ (ബാക്കിതുക)* | ..... | സ്റ്റോക്ക് | ..... |
| | ..... | ഡെബ്റ്റേഴ്സ് | ..... |
| | | ക്യാഷ് & ബാങ്ക് | ..... |
| | | പ്രീപെയ്ഡ് എക്സ്പെൻസസ് | ..... |
| | ..... | ക്യാപിറ്റൽ (ബാക്കിതുക)* | ..... |

**ചിത്രം 11.1** *ആസ്തിബാധ്യതാപ്പട്ടികയുടെ രൂപം*

**കുറിപ്പ് :** **ആസ്തിവശം ബാധ്യതാവശത്തെക്കാൾ കൂടിയിരുന്നാൽ മിച്ചം വരുന്ന തുക ബാധ്യതാ വശത്ത് മൂലധന ബാലൻസായി കാണിക്കണം. മറിച്ച്, ബാധ്യതാ വശം ആസ്തി വശത്തെക്കാൾ കൂടിയിരുന്നാൽ മിച്ചം വരുന്ന തുക ആസ്തി ഭാഗത്ത് മൂലധനത്തിന്റെ ഡെബിറ്റ് ബാലൻസായും കണക്കിലെടുക്കണം.*

ആസ്തിബാധ്യതാപ്പട്ടിക തയാറാക്കി വർഷാരംഭത്തിലെയും വർഷാന്ത്യത്തിലെയും മൂലധനം കണ്ടുപിടിച്ചു കഴിഞ്ഞാൽ ലാഭനഷ്ടം കണ്ടുപിടിക്കാനായി ഒരു ലാഭനഷ്ടപ്പട്ടിക (statement of profit and loss) തയാറാക്കുന്നു. വർഷാന്ത്യമൂലധനത്തോടോപ്പം തൻവർഷം ഉടമ പിൻവലിച്ച തുക (തൻപറ്റ്) കൂട്ടുകയും തൻവർഷം കൊണ്ടുവന്ന അധിക മൂലധനവും വർഷാരംഭമൂലധനവും കുറയ്ക്കുകയും ചെയ്ത് ആ വർഷത്തെ ലാഭം/നഷ്ടം കണ്ടെത്താം. (ചിത്രം 11. 2 കാണുക)

**വർഷാന്ത്യ ലാഭനഷ്ട പട്ടിക .............................**

| | *വിവരണം* | *തുക* (₹) |
|---|---|---|
| | വർഷാന്ത്യത്തിലെ മൂലധനം (വർഷാന്ത്യ ആസ്തിബാധ്യതാ പട്ടിക പ്രകാരം) | ..... |
| (+) | തൻ വർഷത്തെ തൻപറ്റ് (Drawings) | ..... |
| (–) | തൻ വർഷം കൊണ്ടു വന്ന അധിക മൂലധനം | (.....) |
| | വർഷാന്ത്യത്തിലെ ക്രമീകരിച്ച മൂലധനം | ..... |
| (-) | വർഷാരംഭ മൂലധനം (വർഷാരംഭ ആസ്തിബാധ്യതാപ്പട്ടിക പ്രകാരം) | (.....) |
| | തൻ വർഷത്തെ ലാഭം/നഷ്ടം | ..... |

**ചിത്രം 11.2** *ലാഭ നഷ്ടപ്പട്ടികയുടെ മാതൃക*

മുകളിൽ കാണിച്ചിരിക്കുന്ന ക്രിയയുടെ ഫലം അനുകൂലമാണെങ്കിൽ (Positive amount) അത് തൻവർഷ ലാഭത്തെയും പ്രതികൂലമാണെങ്കിൽ (Negative amount) തൻവർഷ നഷ്ടത്തെയും സൂചിപ്പിക്കുന്നു. ഈ പട്ടികയെ ഒരു സമവാക്യ പ്രകാരം താഴെപ്പറയുന്ന രീതിയിൽ സൂചിപ്പിക്കാം.

ലാഭം/നഷ്ടം = വർഷാന്ത്യ മൂലധനം–വർഷാരംഭ മൂലധനം + തൻ വർഷത്തെ തൻപറ്റ്– തൻവർഷം കൊണ്ടുവന്ന അധിക മൂലധനം

(Profit or Loss = Capital at end – Capital at beginning + Drawings during the year – Capital introduced during the year.)

ഉദാഹരണമായി ശ്രീ. സേതുവിന്റെ അക്കൗണ്ടിംഗ് വിവരങ്ങൾ തന്നിരിക്കുന്നത് ശ്രദ്ധിക്കുക.

| | |
|---|---|
| 2017 ഏപ്രിൽ 1 ലെ മൂലധനം | ₹ 1,20,000 |
| 2018 മാർച്ച് 31 ലെ മൂലധനം | ₹ 2,00,000 |
| 2017 – 2018 സാമ്പത്തികവർഷം കൊണ്ടുവന്ന അധിക മൂലധനം | ₹ 50,000 |
| 2017 – 2018 സാമ്പത്തിക വർഷത്തിലെ തൻപറ്റ് | ₹ 30,000 |

**ലാഭനഷ്ട പട്ടിക 2018 മാർച്ച് 31**

| *വിവരണം* | *തുക* (₹) |
|---|---|
| വർഷാന്ത്യത്തിലെ മൂലധനം (2018 മാർച്ച് 31) | 2,00,000 |
| കൂട്ടുക (+) 2017 – 2018 സാമ്പത്തിക വർഷത്തിലെ തൻപറ്റ് | 30,000 |
| | 2,30,000 |
| കുറയ്ക്കുക (–)2017–2018 സാമ്പത്തികവർഷം കൊണ്ടുവന്നഅധിക മൂലധനം | (50,000) |
| 2018 മാർച്ച് 31ലെ ക്രമീകരിച്ച മൂലധനം | 1,80,000 |
| കുറയ്ക്കുക (–)വർഷാരംഭ മൂലധനം (2017 ഏപ്രിൽ 1) | (1,20,000) |
| തൻ വർഷത്തെ ലാഭം | 60,000 |

**നിർദ്ധാരണം 1**

2017 ഏപ്രിൽ 1 ന് ശ്രീ. അരവിന്ദ് 50,000 രൂപ മുടക്കുമുതലിൽ ഒരു റെഡിമെയ്ഡ്ഗാർമെന്റ്സ് സ്ഥാപനം തുടങ്ങി. അദ്ദേഹം ഇരട്ടപ്പതിക്കൽ രീതിയനുസരിച്ച് കണക്കുകൾ സൂക്ഷിക്കാറില്ല. ഈ കാലയളവിൽ തന്റെ വ്യാപാരത്തിലേക്ക് 15,000 രൂപ അധിക മൂലധനമായി കൊണ്ടുവരികയും, വ്യക്തിപരമായ ആവശ്യങ്ങൾക്കായി 10,000 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. 2018 മാർച്ച് 31 ന് അദ്ദേഹത്തിന്റെ ആസ്തിബാധ്യതകൾ താഴെ പറയുംപ്രകാരമാണ്.

| | | |
|---|---|---|
| പണം കൊടുക്കാനുള്ളവർ (ക്രെഡിറ്റേഴ്സ്) | ₹ | 90,000 |
| പണം തരാനുള്ളവർ (ഡെബ്റ്റേഴ്സ്) | ₹ | 1,25,600 |
| സ്റ്റോക്ക് | ₹ | 24,750 |
| കൈയിലും ബാങ്കിലുമുള്ള നീക്കിയിരിപ്പ് പണം | ₹ | 24,980 |

ആസ്തി ബാധ്യതാപ്പട്ടികപ്രകാരം അദ്ദേഹത്തിന്റെ ആദ്യവർഷ കച്ചവടത്തിന്റെ ലാഭനഷ്ടം കണ്ടുപിടിക്കുക.

**ശ്രീ. അരവിന്ദിന്റെ ബുക്ക്**
**2018 മാർച്ച് 31 ലെ ആസ്തിബാധ്യതാപ്പട്ടിക**

| *ബാധ്യതകൾ* | *തുക* (₹) | *ആസ്തികൾ* | *തുക* (₹) |
|---|---|---|---|
| ക്രെഡിറ്റേഴ്സ് | 90,000 | സ്റ്റോക്ക് | 24,750 |
| ക്യാപ്പിറ്റൽ (ബാക്കിതുക)* | 85,330 | ഡെബ്റ്റേഴ്സ് | 24,980 |
| | | കൈയിലും ബാങ്കിലുമുള്ള പണം | 1,25,600 |
| | 1,75,330 | | 1,75,330 |

**2018 മാർച്ച് 31–ലെ ലാഭ നഷ്ടപ്പട്ടിക**

| | *വിവരണം* | *തുക (₹)* |
|---|---|---|
| | 2018 മാർച്ച് 31–ലെ മൂലധനം | 85,330 |
| കൂട്ടുക (+) | തൻ വർഷത്തെ തൻപറ്റ് | 10,000 |
| | | 95,330 |
| കിഴിവ് (–) | തൻ വർഷം കൊണ്ടു വന്ന അധിക മൂലധനം | (15,000) |
| | 2018 മാർച്ച് 31–ലെ ക്രമീകരിച്ച മൂലധനം | 80,330 |
| കിഴിവ് (–) | 2017 ഏപ്രിൽ 1 ലെ മൂലധനം | (50,000) |
| | ഈ വർഷത്തെ ലാഭം | 30,330 |

**നിർദ്ധാരണം 2**

ശ്രീമതി വന്ദന ഒരു ചെറുകിട അച്ചടിസ്ഥാപനത്തിന്റെ ഉടമയാണ്. തന്റെ ബിസിനസ്സിന് വളരെ അനിവാര്യമായ ചില രേഖകൾ മാത്രമേ അവർ സൂക്ഷിക്കാറുള്ളൂ. 2017 ഏപ്രിൽ 1ന് അവരുടെ ആസ്തികളുടെയും ബാധ്യതകളുടെയും ബാലൻസുകൾ താഴെ തന്നിരിക്കുന്നു.

| | |
|---|---|
| അച്ചടിശാല (പ്രിന്റിംഗ് പ്രസ്സ്) | ₹ 5,00,000 |
| കെട്ടിടങ്ങൾ (ബിൽഡിംഗ്സ്) | ₹ 2,00,000 |
| നീക്കിയിരിപ്പ് സാധനങ്ങൾ (സ്റ്റോക്ക്) | ₹ 50,000 |
| കയ്യിലുള്ള പണം (ക്യാഷ് ഇൻ ഹാന്റ്) | ₹ 7,980 |
| ബാങ്കിലുള്ള പണം | ₹ 65,600 |
| ഇടപാടുകാരിൽ നിന്ന് കിട്ടാനുള്ള തുക (ഡെബ്റ്റേഴ്സ്) | ₹ 20,350 |
| ഇടപാടുകാർക്ക് കൊടുക്കാനുള്ള തുക (ക്രെഡിറ്റേഴ്സ്) | ₹ 75,340 |
| കൂലി കുടിശ്ശിക (വേജസ് ഔട്ട്സ്റ്റാന്റിംഗ്) | ₹ 5,000 |

ശ്രീമതി വന്ദന തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കായി എല്ലാമാസവും 8,000 രൂപ വീതം ബിസിനസ്സിൽ നിന്ന് പിൻവലിക്കാറുണ്ട്. ഈ കാലയളവിൽ അധിക മൂലധനമായി 15,000 രൂപ അവർ ബിസിനസ്സിൽ നിക്ഷേപിച്ചു. 2018 മാർച്ച് 31 ന് വന്ദനയുടെ സാമ്പത്തികസ്ഥിതി താഴെ പറയുന്ന പ്രകാരമാണ് :

| | |
|---|---|
| അച്ചടിശാല | ₹ 5,25,000 |
| കെട്ടിടങ്ങൾ | ₹ 2,00,000 |
| നീക്കിയിരിപ്പ് സാധനങ്ങൾ | ₹ 55,000 |
| കയ്യിലുള്ള പണം | ₹ 40,380 |

| | | |
|---|---|---|
| ബാങ്കിലുള്ള പണം | ₹ | 15,340 |
| ഇടപാടുകാരിൽ നിന്നും കിട്ടാനുള്ള തുക (ഡെബ്റ്റേഴ്സ്) | ₹ | 17,210 |
| ഇടപാടുകാർക്ക് കൊടുക്കാനുള്ള തുക (ക്രെഡിറ്റേഴ്സ്) | ₹ | 65,680 |

ആസ്തി-ബാധ്യതാ പട്ടിക രീതിയനുസരിച്ച് ശ്രീമതി വന്ദനയുടെ ലാഭനഷ്ടം കണക്കാക്കുക.

*ഉത്തരം*

**ശ്രീമതി. വന്ദനയുടെ കണക്കുബുക്ക്**
**2017 ഏപ്രിൽ 1-ലെയും 2018 മാർച്ച് 31-ലെയും**
**ആസ്തി ബാധ്യതാപ്പട്ടിക**

| *ബാധ്യതകൾ* | *2017 ഏപ്രിൽ 01* | *2018 മാർച്ച് 31* | *ആസ്തികൾ* | *2017 ഏപ്രിൽ 01* | *2018 മാർച്ച് 31* |
|---|---|---|---|---|---|
| ക്രെഡിറ്റേഴ്സ് | 75,340 | 65,680 | പ്രിന്റിംഗ് പ്രസ്സ് | 5,00,000 | 5,25,000 |
| വേജസ് ഔട്ട്സ്റ്റാന്റിംഗ് | 5,000 | – | ബിൽഡിംഗ്സ് | 2,00,000 | 2,00,000 |
| ക്യാപ്പിറ്റൽ | 7,63,590 | 7,87,250 | ഡെബ്റ്റേഴ്സ് | 20,350 | 17,210 |
| (ബാക്കി തുക)* | | | സ്റ്റോക്ക് | 50,000 | 55,000 |
| | | | ക്യാഷ് അറ്റ് ബാങ്ക് | 65,600 | 40,380 |
| | | | ക്യാഷ് ഇൻ ഹാന്റ് | 7,980 | 15,340 |
| | 8,43,930 | 8,52,930 | | 8,43,930 | 8,52,930 |

**2018 മാർച്ച് 31-ലെ ലാഭ നഷ്ടപ്പട്ടിക**

| *വിവരണം* | *തുക (₹)* |
|---|---|
| 2018 മാർച്ച് 31ലെ മൂലധനം | 7,87,250 |
| കൂട്ടുക (+) തൻവർഷത്തെ തൻപറ്റ് (8000 x 12) | 96,000 |
| | 8,83,250 |
| കുറയ്ക്കുക (-) തൻവർഷം കൊണ്ടു വന്ന അധിക മൂലധനം | (15,000) |
| 2018 മാർച്ച് 31ലെ ക്രമീകരിച്ച മൂലധനം | 8,68,250 |
| കുറയ്ക്കുക (-) 2017 ഏപ്രിൽ 1 ലെ മൂലധനം | (7,63,590) |
| 2017-18 വർഷത്തെ ലാഭം | 1,04,660 |

## *11.3.2* ആസ്തിബാധ്യതാപ്പട്ടികയും ബാക്കിപത്രവും തമ്മിലുള്ള വ്യത്യാസം *(Difference between Statement of Affairs and Balance Sheet)*

ആസ്തിബാധ്യതാപ്പട്ടികയും ബാക്കിപത്രവും സ്ഥാപനത്തിന്റെ ഒരു നിശ്ചിത തീയതിയിലെ ആസ്തികളും ബാധ്യതകളും കാണിക്കുന്നു. എന്നിരുന്നാലും, ഇവ രണ്ടും തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

അപൂർണ രേഖകളിൽ നിന്ന് തയാറാക്കുന്നതിനാൽ ആസ്തിബാധ്യതാപ്പട്ടികയിൽ ആസ്തികൾക്കും ബാധ്യതകൾക്കും മതിപ്പുവിലയാണ് കാണിക്കുന്നത്. എന്നാൽ ഇരട്ടപ്പതിക്കൽ സമ്പ്രദായമനുസരിച്ച് ലെഡ്ജർ അക്കൗണ്ടുകളുടെ സഹായത്തോടെ തയാറാക്കുന്നതിനാൽ ബാക്കിപത്രത്തിൽ ഇവയുടെ മൂല്യം കൃത്യവും കൂടുതൽ വിശ്വസനീയവുമാണ്.

ആസ്തി ബാധ്യതാപ്പട്ടിക തയാറാക്കുന്നതിന്റെ പ്രധാന ലക്ഷ്യം ഒരു നിശ്ചിത തീയതിയിലെ മൂലധനം എത്രയെന്ന് കണ്ടെത്തലാണ്. എന്നാൽ ബാക്കിപത്രം തയാറാക്കുന്നത് ബിസിനസ്സിന്റെ ഒരു നിശ്ചിത തീയതിയിലെ സാമ്പത്തികസ്ഥിതി മനസ്സിലാക്കാനാണ്.

ആസ്തിബാധ്യതാപ്പട്ടിക തയാറാക്കുമ്പോൾ ഏതെങ്കിലും ആസ്തിയോ ബാധ്യതയോ വിട്ടുപോവുകയോ എന്തെങ്കിലും പിഴവുകൾ ഉണ്ടാകുകയോ ചെയ്താൽ അവ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. കാരണം, ഇത്തരം പിഴവുകളും വിട്ടുപോകലുകളും മൂലധനത്തിൽ ക്രമീകരിക്കപ്പെടുന്നു. എന്നാൽ ബാക്കിപത്രത്തിൽ ഇത്തരത്തിലുള്ള പിഴവുകളും വിട്ടുപോകലുകളും പെട്ടെന്ന് കണ്ടെത്താൻ സാധിക്കും. കാരണം ഇങ്ങനെ സംഭവിച്ചാൽ ഇരട്ടപ്പതിക്കൽ സമ്പ്രദായപ്രകാരം തയാറാക്കുന്ന ബാക്കിപത്രത്തിന്റെ രണ്ടു വശങ്ങളും തുല്യം ആകില്ല.

ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ താഴെ പറയുന്നപ്രകാരം ക്രോഡീകരിക്കാം.

| *വ്യത്യാസത്തിന്റെ അടിസ്ഥാനം* | *ആസ്തി-ബാധ്യതാപ്പട്ടിക* | *ബാക്കിപത്രം* |
|---|---|---|
| വിശ്വാസ്യത | അപൂർണ രേഖകളിൽ നിന്നും തയാറാക്കുന്നതിനാൽ വിശ്വാസ്യത കുറവാണ്. | ഇരട്ടപ്പതിക്കൽ രേഖകളിൽ നിന്ന് തയാറാക്കുന്നതിനാൽ വിശ്വാസ്യത കൂടുതലാണ്. |
| ലക്ഷ്യം | ഒരു നിശ്ചിത ദിവസത്തെ മൂലധനം എത്രയെന്ന് കണ്ടെത്തുക. | ഒരു നിശ്ചിത ദിവസത്തെ സാമ്പത്തികസ്ഥിതി അറിയുക. |
| പിഴവുകളും വിട്ടുപോകലും | വിട്ടുപോകൽ, പിഴവ് എന്നിവ കണ്ടെത്താൻ പ്രയാസമാണ്. | വിട്ടുപോകൽ, പിഴവ് എന്നിവ പെട്ടെന്ന് കണ്ടെത്താൻ കഴിയും. |

**ചിത്രം 11.3** *ആസ്തിബാധ്യതാപ്പട്ടികയും ബാക്കിപത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ*

**സ്വയം പ്രവർത്തനം**

നിങ്ങളുടെ പ്രദേശത്തെ ഒരു ചെറുകിട കച്ചവടക്കാരനെ സന്ദർശിച്ച് അദ്ദേഹം എങ്ങനെയാണ് കണക്കുകൾ രേഖപ്പെടുത്തുന്നത് എന്നു മനസ്സിലാക്കുക. ഇരട്ടപ്പതിക്കൽ സമ്പ്രദായം അനുസരിച്ചല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കി രേഖപ്പെടുത്തുക. കൂടാതെ, അദ്ദേഹം ലാഭ നഷ്ടങ്ങൾ കണക്കാക്കുന്ന രീതിയും മനസ്സിലാക്കുക.

## 11.4 വ്യാപാര – ലാഭ നഷ്ടക്കണക്കും ബാക്കിപത്രം തയാറാക്കലും(Preparing Trading and Profit and Loss Account and the Balance Sheet)

ഒരു സ്ഥാപനത്തിന്റെ വ്യാപാര–ലാഭ–നഷ്ടക്കണക്കും ബാക്കിപത്രവും തയാറാക്കാൻ വരവുകൾ, ചെലവുകൾ, ആസ്തികൾ, ബാധ്യതകൾ, മൂലധനം എന്നിവയുടെ പൂർണമായ വിവരങ്ങൾ ആവശ്യമാണ്. എന്നാൽ അപൂർണ രേഖകളിൽ നിന്ന് ഡെബ്റ്റേഴ്സ്, ക്രെഡിറ്റേഴ്സ്, പണത്തിന് വിൽപ്പന, പണത്തിന് വാങ്ങൽ, മറ്റു പണമിടപാടുകൾ എന്നീ വിവരങ്ങൾ മാത്രമേ ലഭ്യമാവുകയുള്ളൂ. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരോക്ഷമായി ഇരട്ടപ്പതിക്കൽ സമ്പ്രദായത്തിന്റെ ആശയങ്ങൾ ഉപയോഗിച്ച് മറ്റ് അത്യാവശ്യ വിവരങ്ങൾ കൂടി നമുക്ക് കണ്ടെത്താം. സാധാരണയായി, ഈ രീതിയിൽ താഴെപ്പറയുന്ന വസ്തുതകൾ നമുക്ക് കണ്ടെത്തേണ്ടതുണ്ട്.

- വർഷാരംഭ മൂലധനം
- കടത്തിന് വാങ്ങൽ
- കടത്തിന് വിൽക്കൽ
- വിനിമയ ബില്ലുകൾ കിട്ടിയത് (Bills Receivable)
- വിനിമയ ബില്ലുകൾ കൊടുത്തത് (Bills Payable)
- ക്രെഡിറ്റേഴ്സിന് കൊടുത്തത്
- ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയത്
- മറ്റു പണ/ബാങ്ക് ഇടപാടുകൾ

വർഷാരംഭ മൂലധനം, വർഷാന്ത്യ മൂലധനം, വർഷാരംഭ ആസ്തി എന്നിവ ആസ്തിബാധ്യതാ പട്ടിക തയാറാക്കി കണ്ടെത്താം എന്ന് നാം പഠിച്ചുവല്ലോ? മുകളിൽ പറഞ്ഞിരിക്കുന്ന മറ്റിനങ്ങൾ തന്നിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ എങ്ങനെ കണ്ടെത്താമെന്ന് നമുക്ക് നോക്കാം.

### *11.4.1 കടത്തിന് വാങ്ങിയ സാധനങ്ങളുടെ തുക നിർണ്ണയിക്കൽ (Ascertaining Credit Purchases)*

സാധനങ്ങൾ കടത്തിന് വാങ്ങിയ തുക സാധാരണയായി അപൂർണ രേഖകളിൽ നിന്ന് ലഭ്യമാകില്ല. അതുപോലെ ക്രെഡിറ്റേഴ്സുമായി (ഉത്തമർണരുമായി) ബന്ധപ്പെട്ട് പല വിവരങ്ങളും

അപൂർണമായിരിക്കും. ഉത്തമർണ്ണരുടെ മൊത്തം അക്കൗണ്ട് (Total Creditor's Account) തയാറാക്കി ഈ തുക നമുക്ക് കണ്ടെത്താം. ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ടിന്റെ ഒരു മാതൃക ചിത്രം 11.4ൽ കൊടുത്തിരിക്കുന്നു.

**ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ട്**

**Dr.** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ക്യാഷ് (പണം അടച്ചത്) | | .... | | ബാലൻസ് b/d | | .... |
| | ബാങ്ക് (നൽകിയ ചെക്ക് ) | | - | | ബാങ്ക് (നിരാകരിച്ച ചെക്കുകൾ) | | - |
| | ബിൽസ് പേയബ്ൾ (കൊടുത്ത ബില്ലു-കൾ) | | .... | | ബിൽസ് പേയബിൾ (നിരാകരിക്കപ്പെട്ട ബില്ലുകൾ) | | .... |
| | ഡിസ്ക്കൗണ്ട് | | .... | | പർച്ചേയ്സ് | | .... |
| | (കിഴിവ് കിട്ടിയത്) | | .... | | (കടത്തിന് വാങ്ങിയത്) | | .... |
| | പർച്ചേയ്സ് റിട്ടേൺസ് (വാങ്ങിയ സാധനം മടക്കിയയച്ചത്) | | - | | | | |
| | ബാലൻസ് c/d | | - | | | | |
| | | | XXXX | | | | XXXX |

**ചിത്രം 11.4** *ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ടിന്റെ മാതൃക*

ഒരു ഉദാഹരണം നോക്കാം.

ശ്രീ. അഹമ്മദിന്റെ ഇടപാടുകൾ താഴെത്തന്നിരിക്കുന്നു.

| | (₹) |
|---|---|
| ക്രെഡിറ്റേഴ്സിന്റെ ആരംഭ ബാക്കി | 40,000 |
| ക്രെഡിറ്റേഴ്സിന്റെ അവസാന ബാക്കി | 50,000 |
| ക്രെഡിറ്റേഴ്സിന് നൽകിയ പണം | 85,000 |
| കിഴിവ് ലഭിച്ചത് | 2,000 |

മൊത്തം ക്രെഡിറ്റേഴ്സിന്റെ അക്കൗണ്ട് താഴെ പറയുന്ന പ്രകാരം ആയിരിക്കും.

## ശ്രീ. അഹമ്മദിന്റെ ബുക്ക്
## ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹). | തിയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ക്യാഷ് | | 85,000 | | ബാലൻസ് b/d | | 40,000 |
| | ഡിസ്ക്കൗണ്ട് | | 2,000 | | ക്രെഡിറ്റ് പർച്ചേയ്സ് (കണ്ടെത്തിയ തുക) | | 97,000 |
| | ബാലൻസ് c/d | | 50,000 | | | | |
| | | | 1,37,000 | | | | 1,37,000 |

### *11.4.2* കടത്തിന് വിറ്റ സാധനങ്ങളുടെ തുക നിർണയിക്കൽ *(Ascertainment of Credit Sales)*

സാധനങ്ങൾ കടത്തിന് വിൽപ്പന നടത്തിയ തുകയും സാധാരണയായി അപൂർണരേഖകളിൽ നിന്ന് ലഭ്യമാകണമെന്നില്ല. അതുപോലെ ഡെബ്റ്റേഴ്സുമായി ബന്ധപ്പെട്ട മറ്റു പല വിവരങ്ങളും ലഭ്യമാകാതിരിക്കാം. എന്നാൽ, അധമർണരുടെ മൊത്തം അക്കൗണ്ട് (Total Debtor's Account) തയാറാക്കി ഈ വിവരങ്ങൾ നമുക്ക് നിർണയിക്കാനാകും. ചിത്രം 11.5 ൽ ഒരു ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ടിന്റെ മാതൃക ചിത്രീകരിച്ചിരിക്കുന്നു.

## ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | .... | | ക്യാഷ് (കിട്ടിയ പണം) | | .... |
| | ബാങ്ക് (നിരാകരിച്ച ചെക്കുകൾ) | | .... | | ബാങ്ക് (കിട്ടിയ ചെക്ക്) | | .... |
| | ബിൽസ് റിസീവ-ബിൾ (നിരാകരിക്കപ്പെട്ട ബില്ലുകൾ) | | .... | | ബിൽസ് റിസീവ ബിൾ (കിട്ടിയ ബില്ലുകൾ) | | .... |
| | | | | | ഡിസ്കൗണ്ട് (കിഴിവ് നൽകിയത്) | | .... |
| | സെയിൽസ് (കടത്തിന് വിറ്റ തുക) | | .... | | ബാഡ് ഡെബ്റ്റ്സ് (കിട്ടാക്കടം) | | .... |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സെയിൽസ് റിട്ടേൺസ് (വിറ്റ സാധനങ്ങൾ മടങ്ങി വന്നത്) | | – |
| | | | | | ബാലൻസ് c/d | | – |
| | | | xxxx | | | | xxxx |

**ചിത്രം 11.4** *ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ടിന്റെ മാതൃക*

കടത്തിന് വിറ്റ യഥാർഥ തുക കാണക്കാക്കാൻ കടത്തിന് വിറ്റ ആകെ തുകയിൽ നിന്ന് മടങ്ങി വന്ന സാധനങ്ങളുടെ തുക കുറയ്ക്കേണ്ടതാണ്.

ഡാലിയ ട്രേഡേഴ്സിന്റെ ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്ന് ഒരു ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട് തയാറാക്കുന്നതെങ്ങനെയെന്നു നോക്കാം.

| | ₹ |
|---|---|
| 2017 ഏപ്രിൽ 1 ലെ ഡെബ്റ്റേഴ്സ് | 50,000 |
| 2018 മാർച്ച് 31 ലെ ഡെബ്റ്റേഴ്സ് | 70,000 |
| ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയ തുക | 60,000 |
| കിഴിവ് നൽകിയ തുക (ഡിസ്ക്കൗണ്ട്) | 1,000 |
| കിട്ടിയ വിനിമയ ബില്ലുകൾ (ബിൽസ് റിസീവബിൾസ്) | 30,000 |
| കിട്ടാക്കടം (ബാഡ് ഡെബ്റ്റ്സ്) | 3,000 |

## ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ് | തുക (₹) | തിയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | 50,000 | | ക്യാഷ് | | 60,000 |
| | ക്രെഡിറ്റ് സെയിൽസ് (കണ്ടെത്തിയ തുക) | | 1,14,000 | | ബിൽസ് റിസീവ ബിൾ | | 30,000 |
| | | | | | ഡിസ്ക്കൗണ്ട് | | 1,000 |
| | | | | | ബാഡ് ഡെബ്റ്റ്സ് | | 3,000 |
| | | | | | ബാലൻസ് c/d | | 70,000 |
| | | | 1,64,000 | | | | 1,64,000 |

### *11.4.3* പണം കിട്ടാനുള്ള ബില്ലിന്റെയും പണം കൊടുക്കാനുള്ള ബില്ലിന്റെയും തുക കണ്ടെത്തുന്ന വിധം (*Ascertainment of Bills Receivable and Bills payable)*

പലപ്പോഴും, പണം കിട്ടാനുള്ള ബില്ലിന്റെയും (Bills Receivable) പണം കൊടുക്കാനുള്ള ബില്ലിന്റെയും (Bills Payable) എല്ലാ വിശദാംശങ്ങളും ലഭ്യമാണെങ്കിലും തൻവർഷം കിട്ടിയ ബില്ലിന്റെയും നൽകിയ ബില്ലിന്റെയും തുകകൾ ലഭിക്കാറില്ല. ഇത്തരം സന്ദർഭങ്ങളിൽ, പണം കിട്ടാനുള്ള ബില്ലിന്റെ മൊത്തം അക്കൗണ്ട് (Total Bills Receivable Account), പണം കൊടുക്കാനുള്ള ബില്ലിന്റെ മൊത്തം അക്കൗണ്ട് (Total Bills Payable Account) എന്നിവ തയാറാക്കി, ലഭ്യമാകാത്ത വിവരങ്ങൾ കണ്ടുപിടിക്കാവുന്നതാണ്.

അക്കൗണ്ടുകളുടെ മാതൃക (ചിത്രം 11 .6 & 11 .7 ) ചുവടെ നൽകുന്നു.

**ടോട്ടൽ ബിൽസ് റിസീവബിൾ അക്കൗണ്ട്**

**Dr.** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | .... | | ബാങ്ക് (നിരാകരിച്ച ബില്ലുകൾ) | | .... |
| | ഡെബ്റ്റേഴ്സ് (കിട്ടിയ ബില്ലുകൾ) | | .... | | ഡെബ്റ്റേഴ്സ് (നിരാകരിക്കപ്പെട്ട ബില്ലുകൾ) | | .... |
| | | | .... | | ബാലൻസ് c/d | | .... |
| | | | XXXX | | | | XXXX |

**Fig. 11.6 :** *പണം കിട്ടാനുള്ള ബില്ലിന്റെ മൊത്തം അക്കൗണ്ടിന്റെ മാതൃക*

**ടോട്ടൽ ബിൽസ് പേയബിൾ അക്കൗണ്ട്**

**Dr.** **Cr.**

| തീയതി | വിവരണം | ജെ. എഫ് | തുക (₹) | തീയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ബാങ്ക് (കാലാവധിയായ ബില്ലുകൾ) | | .... | | ബാലൻസ് b/d | | .... |
| | ക്രെഡിറ്റേഴ്സ് (നിരാകരിക്കപ്പെട്ട ബില്ലുകൾ) | | .... | | ക്രെഡിറ്റേഴ്സ് (സ്വീകരിച്ചു നൽകിയ ബില്ലുകൾ) | | .... |
| | ബാലൻസ് c/d | | .... | | | | .... |
| | | | XXXX | | | | XXXX |

**Fig. 11.7 :** *പണം കൊടുക്കാനുള്ള ബില്ലിന്റെ മൊത്തം അക്കൗണ്ടിന്റെ മാതൃക*

ഉദാഹരണത്തിന്, ശ്രീ. തോമസ് ജോർജ് നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കിട്ടിയ ബില്ലിന്റെയും നൽകിയ ബില്ലിന്റെയും കണക്ക് തയാറാക്കാം.

| | (₹) |
|---|---|
| കിട്ടിയ ബില്ലിന്റെ മുൻബാക്കി | 5,000 |
| നൽകിയ ബില്ലിന്റെ മുൻബാക്കി | 37,500 |
| കിട്ടിയ ബില്ല് നിരാകരിക്കപ്പെട്ടത് | 2,000 |
| നൽകിയ ബില്ല് നിരാകരിക്കപ്പെട്ടത് | 66,750 |
| നൽകിയ ബില്ലിന്റെ നീക്കിയിരിപ്പ് ബാക്കി | 52,500 |
| ബില്ലിന്റെ പണം കിട്ടിയത് | 12,000 |
| കിട്ടിയ ബില്ലിന്റെ നീക്കിയിരിപ്പ് | 4,000 |

### ടോട്ടൽ ബിൽസ് റിസീവബ്ൾ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ് | തുക (₹) | തിയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | 5,000 | | ബാങ്ക് (ബില്ലിന്റെ പണം കിട്ടിയത്) | | 12,000 |
| | ഡെബ്റ്റേഴ്സ് (കിട്ടിയ ബില്ലുകൾ) (കണ്ടെത്തിയ തുക) | | 13,000 | | ഡെബ്റ്റേഴ്സ് നിരാകരിക്കപ്പെട്ട ബില്ലുകൾ) | | 2,000 |
| | | | | | ബാലൻസ് c/d | | 4,000 |
| | | | 18,000 | | | | 18,000 |

### ടോട്ടൽ ബിൽസ് റിസീവബിൾ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ് | തുക (₹) | തിയതി | വിവരണം | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| | ക്രെഡിറ്റേഴ്സ് (നിരാകരിക്കപ്പെട്ട ബില്ലുകൾ) | | 66,750 | | ബാലൻസ് b/d | | 37,500 |
| | ബാലൻസ് c/d | | 52,500 | | ക്രെഡിറ്റേഴ്സ് (നൽകിയ ബില്ലുകൾ ബാക്കി തുക) | | 81,750 |
| | | | 1,19,250 | | | | 1,19,250 |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – 1**

*ശരിയായ ഉത്തരം അടയാളപ്പെടുത്തുക.*

1. അപൂർണ്ണ രേഖപ്പെടുത്തൽ സമ്പ്രദായം ..........
   (എ) ശാസ്ത്രീയമാണ് (ബി) അശാസ്ത്രീയമാണ്
   (സി) വ്യവസ്ഥാരഹിതമാണ് (ഡി) അശാസ്ത്രീയവും വ്യവസ്ഥാരഹിതവുമാണ്.
2. പ്രാരംഭ മൂലധനം കണ്ടെത്തുന്നതിന് തയാറാക്കേണ്ടത്.
   (എ) ഡെബ്റ്റേഴ്സ് അക്കൗണ്ട് (ബി) ക്രെഡിറ്റേഴ്സ് അക്കൗണ്ട്
   (സി) ക്യാഷ് അക്കൗണ്ട് (ഡി) വർഷാരംഭ ആസ്തി ബാധ്യതാപ്പട്ടിക
3. തനത് വർഷം കടത്തിന് സാധനം വാങ്ങിയ തുക കണ്ടെത്താൻ ....... സഹായിക്കുന്നു
   (എ) ഡെബ്റ്റേഴ്സ് അക്കൗണ്ട് (ബി) ക്രെഡിറ്റേഴ്സ് അക്കൗണ്ട്
   (സി) ക്യാഷ് അക്കൗണ്ട് (ഡി) വർഷാരംഭ ആസ്തി ബാധ്യതാപ്പട്ടിക
4. വർഷാരംഭ മൂലധനം 60,000 രൂപ, തൻപറ്റ് 5,000 രൂപ, തനത് വർഷം കൊണ്ടുവന്ന അധിക മൂലധനം 10,000 രൂപ, വർഷാന്ത്യത്തിലെ മൂലധനം 90,000 രൂപ എന്നിങ്ങനെയാണെങ്കിൽ തനത് വർഷത്തെ ലാഭം എത്ര?
   (എ) Rs. 20,000 (ബി) Rs. 25,000
   (സി) Rs. 30,000 (ഡി) Rs. 40,000

## *11.4.4* ക്യാഷ്ബുക്ക് സംഗ്രഹത്തിലൂടെ വിട്ടുപോയ വിവരങ്ങൾ കണക്കാക്കൽ *(Ascertainment of Missing Information through Summary of Cash)*

ചിലപ്പോൾ, ക്രെഡിറ്റേഴ്സിന് നൽകിയ തുക, ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയ തുക, ബാങ്കിലുള്ള പണത്തിന്റെയോ കൈവശമുള്ള പണത്തിന്റെയോ മുൻ ബാക്കി, നീക്കിയിരിപ്പുബാക്കി എന്നിവ രേഖകളിൽ കാണില്ല. ഇത്തരം സന്ദർഭങ്ങളിൽ ഒരു ക്യാഷ് ബുക്ക് തയാറാക്കി കിട്ടിയതും കൊടുത്തതുമായ തുകകൾ രേഖപ്പെടുത്തി ബാക്കി തുക കണക്കാക്കി വിട്ടുപോയ ഇനങ്ങൾ കണ്ടെത്താൻ സാധിക്കും.

എന്നാൽ, ഡെബ്റ്റേഴ്സിൽ നിന്നും കിട്ടിയ തുകയും ക്രെഡിറ്റേഴ്സ്ന് നൽകിയ തുകയും ഒരേ സമയം രേഖകളിൽ ഇല്ലാതിരുന്നാൽ, ആദ്യം ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ടോ, ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ടോ തയാറാക്കി ഇല്ലാത്ത ഇനം കണ്ടുപിടിക്കുകയും തുടർന്ന്, മുകളിൽ പറഞ്ഞ പ്രകാരം ക്യാഷ് ബുക്ക് സംഗ്രഹം തയാറാക്കി വിട്ടുപോയ മറ്റൊരിനം കണ്ടെത്തുകയും ചെയ്യാം.

ഇപ്രകാരം രേഖകളിൽ ഇല്ലാത്തതും വിട്ടുപോയതുമായ ഇനങ്ങൾ കണ്ടുപിടിച്ചാൽ ശിഷ്ടപത്രം തയാറാക്കിയോ അല്ലെങ്കിൽ നേരിട്ടോ വാർഷിക ധനകാര്യപത്രികകൾ തയാറാക്കാം. ശിഷ്ടപത്രത്തിലെ പ്രധാന ഇനങ്ങളും അവ കണ്ടെത്താൻ സഹായിക്കുന്ന വിവരങ്ങളും താഴെ തന്നിരിക്കുന്നു.

| | | |
|---|---|---|
| 1. | വർഷാന്ത്യ ആസ്തികളും (സ്റ്റോക്ക് ഒഴികെ) ബാധ്യതകളും | വർഷാന്ത്യപ്പട്ടിക |
| 2. | വർഷാരംഭ ആസ്തികളും (വർഷാരംഭ ചരക്ക് നീക്കിയിരിപ്പ് ഉൾപ്പെടെ), ബാധ്യതകളും | വർഷാരംഭപ്പട്ടിക |
| 3. | വാങ്ങൽ (പർച്ചേയ്സ്) | കടത്തിന് വാങ്ങിയത് ക്രെഡിറ്റേഴ്സ് അക്കൗണ്ട് വഴിയും പണത്തിനു വാങ്ങിയത് ക്യാഷ് ബുക്ക് വഴിയും |
| 4. | വിറ്റുവരവ് (സെയിൽസ്) | കടത്തിന് വിറ്റത് ഡെബ്റ്റേഴ്സ് അക്കൗണ്ട് വഴിയും പണത്തിന് വിറ്റത് ക്യാഷ്ബുക്ക് വഴിയും |
| 5. | വർഷാരംഭ മൂലധനം | വർഷാരംഭ ആസ്തിബാധ്യതാപ്പട്ടിക |
| 6. | ചെലവുകളും വരവുകളും | ക്യാഷിന്റെ സംഗ്രഹപ്പട്ടികയും മറ്റ് അനുബന്ധ വിവരങ്ങളും |
| 7. | നഷ്ടങ്ങളും നേട്ടങ്ങളും | എല്ലാ അക്കൗണ്ടുകളും മറ്റുവിവരങ്ങളും |
| 8. | കിട്ടിയ വിനിമയ ബില്ലിന്റെ തുക | കിട്ടിയ ബില്ലിന്റെ അക്കൗണ്ട് |
| 9. | നൽകിയ വിനിമയ ബില്ലിന്റെ തുക | നൽകിയ ബില്ലിന്റെ അക്കൗണ്ട് |
| 10. | ക്യാഷ്/ബാങ്ക് നീക്കിയിരിപ്പ് | ക്യാഷിന്റെ സംഗ്രഹപ്പട്ടിക |

**ചിത്രം 11.8** *വിട്ടുപോയ വിവരങ്ങൾ കണ്ടെത്തുന്നത്*

**നിർദ്ധാരണം 3**

താഴെത്തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ.അനിലിന്റെ 2017 മാർച്ച് 31 ലെ മൊത്തം വിൽപ്പനയും മൊത്തം വാങ്ങലും കണ്ടെത്തുക.

| | (₹) |
|---|---|
| 2016 ഏപ്രിൽ 1 ന് മൊത്തം ഡെബ്റ്റേഴ്സ് | 40,000 |
| 2016 ഏപ്രിൽ 1 ന് മൊത്തം ക്രെഡിറ്റേഴ്സ് | 50,000 |
| 2016 ഏപ്രിൽ 1 ന് കിട്ടിയ വിനിമയ ബില്ലുകളുടെ ബാക്കി | 30,000 |
| 2016 ഏപ്രിൽ 1 ന് നൽകിയ വിനിമയ ബില്ലുകളുടെ ബാക്കി | 45,000 |
| കിഴിവ് കിട്ടിയത് (ഡിസ്കൗണ്ട് റിസീവ്ഡ്) | 5,000 |
| കിട്ടാക്കടം (ബാഡ് ഡെബ്റ്റ്സ്) | 2,000 |
| വിൽപ്പന മടക്കം (സെയിൽസ് റിട്ടേൺസ്) | 4,000 |
| കിഴിവ് നൽകിയത് (ഡിസ്കൗണ്ട് അലൗഡ്) | 3,000 |
| പണത്തിന് വിറ്റത് (ക്യാഷ് സെയിൽസ്) | 10,000 |
| പണത്തിന് വാങ്ങിയത് (ക്യാഷ് പർച്ചേയ്സ്) | 8,000 |

| | |
|---|---|
| ക്രെഡിറ്റേഴ്സിന് കൊടുത്ത പണം | 80,000 |
| ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയ പണം | 1,00,000 |
| വിനിമയ ബില്ലിൽ നിന്ന് കിട്ടിയ തുക | 25,000 |
| വിനിമയ ബില്ലിന് കൊടുത്ത തുക | 40,000 |
| 2017 മാർച്ച് 31ലെ മൊത്തം ക്രെഡിറ്റേഴ്സ് | 40,000 |
| 2017 മാർച്ച് 31ലെ മൊത്തം ഡെബ്റ്റേഴ്സ് | 80,000 |
| 2017മാർച്ച് 31ന് കിട്ടാനുള്ള വിനിമയ ബില്ലിന്റെ ബാക്കി | 35,000 |
| 2017മാർച്ച് 31ന് കൊടുക്കാനുള്ള വിനിമയ ബില്ലിന്റെ ബാക്കി | 50,000 |

*ഉത്തരം :*

## ടോട്ടൽ ബിൽസ് റിസീവബ്ൾ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | 30,000 | | ക്യാഷ് | | 25,000 |
| | ഡെബ്റ്റേഴ്സ് (കിട്ടിയ ബില്ലുകൾ കണ്ടെത്തിയ തുക) | | 30,000 | | ബാലൻസ് c/d | | 35,000 |
| | | | 60,000 | | | | 60,000 |

## ടോട്ടൽ ബിൽസ് പേയബിൾ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| | ക്യാഷ് | | 40,000 | | ബാലൻസ് b/d | | 45,000 |
| | ബാലൻസ് c/d | | 50,000 | | ക്രെഡിറ്റേഴ്സ് (നൽകിയ ബില്ലുകൾ) (കണ്ടെത്തിയ തുക) | | 45,000 |
| | | | 90,000 | | | | 90,000 |

## ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | 40,000 | | ബാഡ് ഡെബ്റ്റ്സ് (കിട്ടാക്കടം) | | 2,000 |
| | സെയിൽസ് | | 1,79,000 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | (കടത്തിന് വിറ്റത്) (കണ്ടെത്തിയ തുക) | | | | റിട്ടേൺസ് ഇൻവേഡ്സ് (വിൽപ്പന മടക്കം) | | 4,000 |
| | | | | | ഡിസ്ക്കൗണ്ട് (കിഴിവ് നൽകിയത്) | | 3,000 |
| | | | | | ക്യാഷ് | | 1,00,000 |
| | | | | | ബിൽസ് റിസീവബ്ൾ (ടോട്ടൽ ബിൽസ് റിസീവബ്ൾ അക്കൗണ്ടിൽ നിന്ന്) | | 30,000 |
| | | | | | ബാലൻസ് c/d | | 80,000 |
| | | | 2,19,000 | | | | 2,19,000 |

## ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| | ഡിസ്ക്കൗണ്ട് (കിഴിവ് ലഭിച്ചത്) | | 5,000 | | ബാലൻസ് b/d | | 50,000 |
| | ക്യാഷ് | | 80,000 | | പർച്ചേയ്സ് (കടത്തിന് വാങ്ങിയത്) (കണ്ടെത്തിയ തുക) | | 1,20,000 |
| | ബിൽസ് പേയബിൾ (ടോട്ടൽ ബിൽസ് പേയബ്ൾ അക്കൗണ്ടിൽ നിന്ന്) | | 45,000 | | | | |
| | ബാലൻസ് c/d | | 40,000 | | | | |
| | | | 1,70,000 | | | | 1,70,000 |

*പ്രവർത്തനക്കുറിപ്പ്:*

| | (₹) |
|---|---|
| കടത്തിനു വാങ്ങിയത് (ക്രെഡിറ്റേഴ്സ് അക്കൗണ്ടിൽ നിന്ന്) | 1,20,000 |
| പണത്തിന് വാങ്ങിയത് | 8,000 |
| ആയതിനാൽ ആകെ വാങ്ങിയവകയ്ക്കുള്ള തുക = 1,20,000+ 8000 | = 1,28,000 |
| കടത്തിനു വിറ്റ തുക (ഡെബ്റ്റേഴ്സ് അക്കൗണ്ടിൽ നിന്ന്) | 1,79,000 |

| | |
|---|---|
| പണത്തിനു വില്പന | 10,000 |
| ആയതിനാൽ മൊത്തം വില്പന = 1,79,000+10,000 | = 1,89,000 |

**നിർദ്ധാരണം 4**

ചുവടെ തന്നിരിക്കുന്ന വിവരങ്ങളിൽ നിന്ന് അറ്റ വില്പന (Net Sales) കണ്ടെത്തുക.

| | (₹) |
|---|---|
| 2017ഏപ്രിൽ 1 ലെ ഡെബ്റ്റേഴ്സ് | 65,000 |
| 2018 മാർച്ച് 31 ലെ ഡെബ്റ്റേഴ്സ് | 50,000 |
| കിട്ടാനുള്ള വിനിമയ ബില്ലിന്റെ വർഷാരംഭ ബാക്കി (2017 ഏപ്രിൽ 1) | 23,000 |
| കിട്ടാനുള്ള വിനിമയ ബില്ലിന്റെ വർഷാന്ത്യ ബാക്കി (2018 മാർച്ച് 31) | 29,000 |
| ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയ പണം | 3,02,000 |
| കിഴിവ് അനുവദിച്ചത് | 8,000 |
| കിട്ടാനുള്ള വിനിമയ ബില്ലിൽ നിന്ന് കിട്ടിയ തുക | 21,000 |
| കിട്ടാക്കടം (ബാഡ് ഡെബ്റ്റ്സ്) | 14,000 |
| കിട്ടാനുള്ള വിനിമയ ബില്ലുകൾ (നിരാകരിക്കപ്പെട്ടവ) | 20,000 |
| റൊക്കം പണത്തിന് വിൽപ്പന നടത്തിയത് | 2,25,000 |
| വിൽപ്പന മടക്കം (സെയിൽസ് റിട്ടേൺ) | 17,000 |

**ഉത്തരം :**

## ടോട്ടൽ ബിൽസ് റിസീവബിൾ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 ഏപ്രിൽ 01 | ബാലൻസ് b/d | | 23,000 | | ക്യാഷ് | | 21,000 |
| | ഡെബ്റ്റേഴ്സ് (കിട്ടിയ ബില്ലുകൾ) (കണ്ടെത്തിയ തുക) | | 47,000 | 2018 മാർച്ച് 31 | ഡെബ്റ്റേഴ്സ് (നിരാകരിക്കപ്പെട്ട ബില്ലുകൾ) | | 20,000 |
| | | | | | ബാലൻസ് c/d | | 29,000 |
| | | | 70,000 | | | | 70,000 |

## ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| 2017 ഏപ്രിൽ 1 | ബാലൻസ് b/d | | 65,000 | | ബാഡ് ഡെബ്റ്റ്സ് | | 14,000 |
| | ബിൽസ് റിസീവബ്ൾ (നിരാകരിക്കപ്പെട്ടവ) | | 20,000 | | റിട്ടേൺസ് ഇൻവേഡ്സ് | | 17,000 |
| | സെയിൽസ് (കണ്ടെത്തിയ തുക) | | 3,53,000 | | ഡിസ്ക്കൗണ്ട് | | 8,000 |
| | | | | | ക്യാഷ് | | 3,02,000 |
| | | | | | ബിൽസ് റിസീവബ്ൾ (ടോട്ടൽ ബിൽസ് റിസീവബ്ൾ അക്കൗണ്ടിൽ നിന്ന്) | | 47,000 |
| | | | | 2018 മാർച്ച് 31 | ബാലൻസ് c/d | | 50,000 |
| | | | 4,38,000 | | | | 4,38,000 |

*(പ്രവർത്തനക്കുറിപ്പ്)*

*വില്പനമടക്കം കഴിച്ചുള്ള ആകെ വില്പന താഴെപ്പറയുന്നപ്രകാരം കണ്ടെത്താം.*

അറ്റ വില്പന പണത്തിനുള്ള വില്പന + കടത്തിനുള്ള വില്പന-വില്പന മടക്കം

= *2,25,000 3,53,000 1,7000*

= ₹ *5,61,000*

**നിർദ്ധാരണം 5**

ഇരട്ടപ്പതിക്കൽ രീതിയിലല്ലാതെ അക്കൗണ്ടിംഗ് രേഖകൾ സൂക്ഷിക്കുന്ന ശ്രീ. ഓംപ്രകാശിന്റെ താഴെത്തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 മാർച്ച് 31 ലെ വ്യാപാര ലാഭനഷ്ടക്കണക്കും, അതേ ദിവസത്തെ ബാക്കിപത്രവും തയാറാക്കുക. യന്ത്രസാമഗ്രികൾക്ക് 10 % നിരക്കിൽ മൂല്യക്ഷയം കണക്കിലെടുക്കണം.

### ക്യാഷ് ബുക്ക് സംഗ്രഹം

| *പണം സ്വീകരിച്ചത്* | *തുക* (₹) | *പണം നൽകിയത്* | *തുക* (₹) |
|---|---|---|---|
| ബാലൻസ് b/d | 8,000 | പണത്തിന് സാധനം വാങ്ങിയത് | 14,000 |
| രൊക്കം പണത്തിന് വില്പന | 40,000 | ക്രെഡിറ്റേഴ്സിന് കൊടുത്ത പണം | 20,000 |
| ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയത് | 30,000 | ചില്ലറ ചെലവുകൾ (സൺട്രി എക്സപെൻസസ്) | 6,000 |

| | | | |
|---|---|---|---|
| | | വണ്ടി വാടക (കാർട്ടേജ്) | 2,000 |
| | | തൻപറ്റ് (ഡ്രായിംഗ്സ്) | 8,000 |
| | | ബാലൻസ് c/d | 28,000 |
| | 78,000 | | 78,000 |

**മറ്റുവിവരങ്ങൾ**

| വിവരണം | *2016 മാർച്ച് 31* | *2017 മാർച്ച് 31* |
|---|---|---|
| ഡെബ്റ്റേഴ്സ് | 9,000 | 12,000 |
| ക്രെഡിറ്റേഴ്സ് | 14,400 | 6,800 |
| അസംസ്കൃത വസ്തുക്കളുടെ നീക്കിയിരിപ്പ് | 10,000 | 16,000 |
| മെഷിനറി | 40,000 | 40,000 |
| ഫർണിച്ചർ | 3,000 | 3,000 |
| അനുവദിച്ച കിഴിവുകൾ– | – | 1,400 |
| കിട്ടിയ കിഴിവുകൾ | – | 1,700 |

***ഉത്തരം***

## ഓംപ്രകാശിന്റെ കണക്കുബുക്ക്

### 2017 മാർച്ച് 31 ലെ വർഷാന്ത്യ വ്യാപാര-ലാഭനഷ്ടക്കണക്ക്

| *ചെലവുകൾ/നഷ്ടങ്ങൾ* | *തുക* (₹) | *വരവുകൾ/നേട്ടങ്ങൾ* | *തുക* (₹) |
|---|---|---|---|
| ഓപ്പണിംഗ് സ്റ്റോക്ക് | 10,000 | സെയിൽസ് | 74,400 |
| പർച്ചേയ്സ് | 28,100 | ക്ലോസിംഗ് സ്റ്റോക്ക് | 16,000 |
| വണ്ടി വാടക (കാർട്ടേജ്) | 2,000 | | |
| മൊത്ത ലാഭം (ഗ്രോസ് പ്രോഫിറ്റ്) c/d | 50,300 | | |
| | 90,400 | | 90,400 |
| സൺട്രി എക്സ്പെൻസസ് (ചില്ലറച്ചെലവുകൾ) | 6,000 | മൊത്ത ലാഭം (ഗ്രോസ് പ്രോഫിറ്റ്) b/d | 50,300 |
| ഡിസ്കൗണ്ട് (അനുവദിച്ച കിഴിവ്) | 1,400 | ഡിസ്കൗണ്ട് (കിട്ടിയ കിഴിവ്) | 1,700 |
| ഡിപ്രീസിയേഷൻ (മൂല്യക്ഷയം) | 4,000 | | |
| അറ്റാദായം (നെറ്റ് പ്രോഫിറ്റ്) (ക്യാപ്പിറ്റൽ അക്കൗണ്ടിലേക്ക് മാറ്റുക) | 40,600 | | |
| | 52,000 | | 52,000 |

### 2017 മാർച്ച് 31-ലെ ബാക്കിപത്രം

| *ബാധ്യതകൾ* | | *തുക* (₹) | *ആസ്തികൾ* | | *തുക* (₹) |
|---|---|---|---|---|---|
| ക്രെഡിറ്റേഴ്സ് | | 6,800 | മെഷിനറി | 40,000 | |
| ക്യാപ്പിറ്റൽ | 55,600 | | *(-)മൂല്യക്ഷയം* | (4,000) | 36,000 |
| കൂട്ടുക (+) | 40,600 | | ഫർണിച്ചർ | | 3,000 |
| അറ്റാദായം | | | സ്റ്റോക്ക് | | 16,000 |
| | 96,200 | | ഡെബ്റ്റേഴ്സ് | | 12,000 |
| *കുറയ്ക്കുക (-)* | (8,000) | 88,200 | കൈയിലുള്ള പണം | | 28,000 |
| തൻപറ്റ് | | | | | |
| | | 95,000 | | | 95,000 |

പ്രവർത്തനക്കുറിപ്പുകൾ :

### ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| | ബാലൻസ് b/d | | 9,000 | | ക്യാഷ് | | 30,000 |
| | സെയിൽസ് | | 34,400 | | ഡിസ്കൗണ്ട് | | 1,400 |
| | (കടത്തിന് വിറ്റ തുക) | | | | ബാലൻസ് c/d | | 12,000 |
| | (കണ്ടെത്തിയ തുക) | | | | | | |
| | | | 43,400 | | | | 43,400 |

### ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ്. | തുക (₹) | തിയതി | വിവരണം | ജെ. എഫ്. | തുക (₹) |
|---|---|---|---|---|---|---|---|
| | ക്യാഷ് | | 20,000 | | ബാലൻസ് b/d | | 14,400 |
| | ഡിസ്കൗണ്ട് റിസീവ്ഡ് | | 1,700 | | പർച്ചേയ്സ് | | 14,100 |
| | ബാലൻസ് c/d | | 6,800 | | (കടത്തിനു വാങ്ങിയത്) | | |
| | | | | | (കണ്ടെത്തിയ തുക) | | |
| | | | 28,500 | | | | 28,500 |

**2016 മാർച്ച് 31ലെ ആസ്തി-ബാധ്യതാപ്പട്ടിക**

| *ബാധ്യതകൾ* | *തുക* (₹) | *ആസ്തികൾ* | *തുക* (₹) |
|---|---|---|---|
| ക്രെഡിറ്റേഴ്സ് | 14,400 | മെഷിണറി | 40,000 |
| ക്യാപ്പിറ്റൽ (കണ്ടെത്തിയ തുക) | 55,600 | ഫർണിച്ചർ | 3,000 |
| | | സ്റ്റോക്ക് | 10,000 |
| | | ഡെബ്റ്റേഴ്സ് | 9,000 |
| | | ക്യാഷ് | 8,000 |
| | 70,000 | | 70,000 |

**നിർദ്ധാരണം 6**

ചുവടെ കൊടുത്തിരിക്കുന്ന ആസ്തികൾ കൊണ്ട് ശ്രീമതി സുരഭി ഏപ്രിൽ 1, 2016 ന് ഒരു ബിസിനസ് ആരംഭിച്ചു. രൊക്കം പണം ₹ 50,000 ഫർണിച്ചർ ₹ 10,000 സ്റ്റോക്ക് ₹ 2,000 മെഷിനറി ₹ 20,000.

ഈ കാലയളവിൽ ബിസിനസ്സിന് വേണ്ടി ഒരു ബാങ്ക് അക്കൗണ്ട് തുറക്കുകയും അധിക മൂലധനമായി 20,000 രൂപ ഇതിൽ നിക്ഷേപിക്കുകയും ചെയ്തു. ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് ശ്രീമതി സുരഭിയുടെ മാർച്ച് 31, 2017 വർഷാന്ത്യ ധനകാര്യ പത്രികകൾ തയാറാക്കുക.

| | ₹ |
|---|---|
| ഡെബ്റ്റേഴ്സിൽ നിന്ന് കിട്ടിയ തുക | 57,500 |
| രൊക്കം പണത്തിന് വിറ്റത് | 45,000 |
| രൊക്കം പണത്തിന് വാങ്ങിയത് | 25,000 |
| കൂലി നൽകിയത് | 5,000 |
| ജീവനക്കാരുടെ ശമ്പളം | 17,500 |
| വ്യാപാരച്ചെലവുകൾ | 6,500 |
| ഉൽപ്പാദനശാലയിലെ വൈദ്യുതി ബില്ല് | 7,500 |
| സുരഭിയുടെ തൻപറ്റ് | 3,000 |
| ക്രെഡിറ്റേഴ്സിന് കൊടുത്ത തുക | 42,000 |
| കിഴിവ് അനുവദിച്ചത് | 1,200 |
| കിഴിവ് കിട്ടിയത് | 3,000 |
| കിട്ടാക്കടം എഴുതിത്തള്ളിയത് | 1,300 |
| വർഷാന്ത്യ നീക്കിയിരിപ്പ് പണം (ക്യാഷ് ) | 20,000 |

ബിസിനസ്സിൽ നിന്ന് 2,500 രൂപയുടെ സാധനങ്ങൾ ശ്രീമതി സുരഭി തന്റെ സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി കൊണ്ടുപോയി. എന്നാൽ ഈ വിവരം കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഫർണിച്ചറിനും യന്ത്രസാമഗ്രികൾക്കും യഥാക്രമം 10%, 20% മൂല്യ ക്ഷയം രേഖപ്പെടുത്തണം. മാർച്ച് 31, 2017 വർഷാന്ത്യത്തിൽ നീക്കിയിരിപ്പ് ബാക്കിയായി ഡെബ്റ്റേഴ്സ് ₹ 70,000, ക്രെഡിറ്റേഴ്സ് ₹ 35,000, സ്റ്റോക്ക് ₹ 25,000 എന്നിവയുണ്ട്.

*ഉത്തരം:–*

**ശ്രീമതി സുരഭിയുടെ ബുക്ക്**

**മാർച്ച് 31, 2017ലെ വർഷാന്ത്യ വ്യാപാര-ലാഭനഷ്ടക്കണക്ക്**

| *ചെലവുകൾ/നഷ്ടങ്ങൾ* | | *തുക* (₹) | *വരവുകൾ/നേട്ടങ്ങൾ* | | *തുക* (₹) |
|---|---|---|---|---|---|
| ഓപ്പണിങ്ങ് സ്റ്റോക്ക് | | 20,000 | സെയിൽസ് | 45,000 | |
| പർച്ചേയ്സ് | 25,000 | | | | |
| (കടത്തിന്) | 80,000 | | (കടത്തിന്) | 1,30,000) | 1,75,000 |
| | 1,05,000 | | ക്ലോസിങ് സ്റ്റോക്ക് | | 25,000 |
| (–) ചരക്കുകൾ | | | | | |
| പിൻവലിച്ചത് | 2,500 | 1,02,500 | | | |
| വേജസ് (കൂലി) | | 5,000 | | | |
| ഇലക്ട്രിസിറ്റി ചാർജ് | | 7,500 | | | |
| ഗ്രോസ് പ്രോഫിറ്റ് c/d | | 65,000 | | | |
| | | 2,00,000 | | | 2,00,000 |
| സാലറീസ് | | 17,500 | ഗ്രോസ് പ്രോഫിറ്റ് b/d | | 65,000 |
| ട്രേഡ് എക്സ്പെൻസസ് | | 6,500 | ഡിസ്കൗണ്ട് | | 3,000 |
| ബാഡ് ഡെബ്റ്റ്സ് | | 1, 300 | | | |
| ഡിസ്കൗണ്ട് | | 1,200 | | | |
| ഡിപ്രീസിയേഷൻ | | | | | |
| ഫർണിച്ചർ | 1,000 | | | | |
| മെഷിനറി | 4,000 | 5,000 | | | |
| നെറ്റ് പ്രോഫിറ്റ് (മൂലധന അക്കൗണ്ടിലേക്ക് മാറ്റുക) | | 36,500 | | | |
| | | 68,000 | | | 68,000 |

## ശ്രീമതി സുരഭിയുടെ ബുക്ക്
## മാർച്ച് 31, 2017 ലെ ബാക്കിപത്രം

| ബാധ്യതകൾ | | തുക (₹) | ആസ്തികൾ | | തുക (₹) |
|---|---|---|---|---|---|
| ക്രെഡിറ്റേഴ്സ് | | 35,000 | ക്യാഷ് | | 20,000 |
| ക്യാപ്പിറ്റൽ | 1,00,000 | | ബാങ്ക് | | 13,000 |
| (+) നെറ്റ് പ്രോഫിറ്റ് | 1,36,500 | | സ്റ്റോക്ക് | | 25,000 |
